3653
01/2/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഈറ്റ, മുള എന്നിവ അനുവദിക്കുന്നതിനുള്ള അധികാരം ടെറിറ്റോറിയൽ സർക്കിൾ ഫോറസ്റ്റ് ഓഫീസർമാർക്കും, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(കൈ)നം.3/2018/വനം തീയതി, തിരുവനന്തപുരം, 09.02.2018

---

പരാമർശം :- 1. 12.06.2013-ലെ സ.ഉ(എം.എസ്)നം.60/2013/വനം നമ്പർ സർക്കാർ ഉത്തരവ്.

2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ 23.12.2017-ലെ പ്രൊ(4)-51816/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വകുപ്പിൽ നിന്നും ഈറ്റ, മുള എന്നിവ ആവശ്യപ്പെട്ട് പ്രാദേശികമായി ധാരാളം അപേക്ഷകൾ ലഭിച്ചു വരുന്നുണ്ടെന്നും എന്നാൽ ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഈറ്റ, മുള എന്നിവ നൽകുന്നതിന് സർക്കിൾ, ഡിവിഷൻതല ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവുകൾ ഇല്ലാത്തതിനാൽ ഇവ അപേക്ഷകർക്ക് ആവശ്യമായ സമയത്ത് ലഭ്യമാക്കുന്നതിന് പ്രായോഗിക തടസ്സം നേരിടുന്നുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്.

2) ക്ഷേത്രങ്ങൾക്കും, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾക്കും മുള അനുവദിക്കുന്നതിനുള്ള അധികാരം പരമാർശം (1) പ്രകാരം മുഖ്യവനപാലകന് നൽകിയിട്ടുണ്ട്. പ്രാദേശികാടിസ്ഥാനത്തിൽ ഈറ്റ, മുള എന്നിവ അനുവദിക്കുന്നതിനുള്ള അധികാരം സർക്കിൾ, ഡിവിഷൻ തലത്തിലെ വനംവകുപ്പ് ഉദ്യോഗസ്ഥർക്കുകൂടി നൽകുന്നത്, അപേക്ഷകളിൽ പെട്ടെന്ന് നടപടി സ്വീകരിക്കുന്നതിനും വനം വകുപ്പിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിനും സഹായകമാവും എന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈറ്റ, മുള എന്നിവയുടെ ലഭ്യതയും വർക്കിംഗ്പ്ലാൻ നിർദ്ദേശങ്ങളും അനുസരിച്ച് നിയമാനുസൃത വിലയും മറ്റ് നികുതികളും അടച്ച് ഒരു പ്രാവശ്യം പരാമവധി 5000 എണ്ണം ഈറ്റയും, ഒരു വർഷം പരമാവധി 25,000 എണ്ണം മുള എന്ന പരിധിയോടെ ഒരു പ്രാവശ്യം മുള 500 എണ്ണം അനുവദിക്കുന്നതിന് ടെറിട്ടോറിയൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, ഒരു പ്രാവശ്യം പരമാവധി 500 എണ്ണം ഈറ്റയും, പരമാവധി 500 മുള എന്ന വാർഷിക പരിധിയോടെ ഒരു പ്രാവശ്യം 100 എണ്ണം മുള അനുവദിക്കുന്നതിന് ടെറിട്ടോറിയൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
**ഗിരിജ കുമാരി. ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ്സ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sheena

സെക്ഷൻ ഓഫീസർ